"ഭരണഭാഷ - മാതൃഭാഷ"

നം.ഐസിഡിഎസ്/ബി2-22362/16

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 25-3-2017

സാമൂഹ്യനീതി ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി സംസ്ഥാന അവാർഡ് 2015-16 - സൂപ്പർവൈസർ, CDPO, ജില്ലാ കളക്ടർ - നോമിനേഷനുകൾ - ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന :

ഐസിഡിഎസ്. പദ്ധതിയിൻ കീഴിലുള്ള അങ്കണവാടി പ്രവർത്തകർ ഐസിഡിഎസ്. ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർ എന്നിവർക്കുള്ളള 2015-16 വർഷത്തെ അവാർഡിന് പരിഗണിക്കുന്നതിലേയ്ക്കായി വർക്കർ ഹെൽപ്പർ വിഭാഗങ്ങളിലേയക്കുള്ള നോമിനേഷനുകൾ എല്ലാ ജില്ലകളിൽ നിന്നും ലഭ്യമായിട്ടുണ്ട്.

എന്നാൽ ഐസിഡിഎസ്. സൂപ്പർവൈസർമാർ, CDPO, ജില്ലാകളക്ടർ വിഭാഗങ്ങളിലേയ്ക്കുള്ളള നോമിനേഷനുകൾ എല്ലാ ജില്ലകളിൽ നിന്നും അയച്ചു തന്നിട്ടില്ല. സൂപ്പർവൈസർ വിഭാഗത്തിലേയ്ക്ക് 9 ജില്ലകളിൽ നിന്നു മാത്രമാണ് നോമിനേഷനുകൾ അയച്ചു തന്നിരിക്കുന്നത്. CDPO-യ്ക്കുള്ള അവാർഡിനായി കേവലം തൃശൂർ ജില്ലയിൽ നിന്നുള്ള ഒരു നോമിനേഷനാണ് ലഭിച്ചിരിക്കുന്നത്.

ആയതിനാൽ പ്രോഗ്രാം ഓഫിസർമാർ തങ്ങളുടെ ജില്ലയിൽ നിന്ന് അയച്ചുതന്നിട്ടില്ലാത്ത ചുവടെ പറയുന്ന കാറ്റഗറിയിലേയ്ക്ക് അവാർഡ് മാനദണ്ഡ പ്രകാരം അർഹതപ്പെട്ടവരെ ഒരാഴ്ച്ചക്കകം ശുപാർശ ചെയ്യേണ്ടതാണ്.



PDF processed with CutePDF evaluation edition www.CutePDF.com

1) പത്തനംതിട്ട എറണാകുളം, മലപ്പുറം, കോഴിക്കോട് കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നും ഐസിഡിഎസ്. സൂപ്പർവൈസർമാരെ നോമിനേറ്റ് ചെയ്യേണ്ടതാണ്.

2) തൃശൂർ ജില്ലയൊഴികെ CDPOമാരെ അവരുടെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ പ്രവർത്തന റിപ്പോർട്ട് അടക്കം ജില്ലകളിൽ നിന്ന് ഒരു CDPOയെയെങ്കിലും നോമിനേറ്റ് ചെയ്യേണ്ടതാണ്.

3) ജില്ലാ കളക്ടർ കാറ്റഗറിയിലേയ്ക്ക് ഐസിഡിഎസ്.-ന്റെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കായിട്ടുള്ളതോ, അങ്കണവാടിയുടെ ഭൗതിക സാഹചര്യം വികസിപ്പിക്കുന്നതിനുള്ള മുൻകൈ എടുത്തിട്ടുള്ളതോ ആയ കളക്ടർമാരുണ്ടെങ്കിൽ പ്രസ്തുത പ്രവർത്തനം റിപ്പോർട്ടാക്കി അവരുടെ സമ്മതത്തോടുകൂടിയുള്ള നോമിനേഷൻ ഒരാഴ്ച്ചയ്ക്കകം ഈ കാര്യാലയത്തിലേയ്ക്ക് അയച്ചുതരേണ്ടതാണ്.

സംസ്ഥാന അവാർഡ് നിർണ്ണയ കമ്മിറ്റി കൂടി അവാർഡ് ജേതാക്കളെ തിരഞ്ഞെടുക്കേണ്ടതാകയാൽ കാലതാമസം ഒഴിവാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

Aleyamma Varghese

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി.

ജികെ/ 27-3-17